കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2017-18**

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

**E-mail: dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.20/858/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,
തീയതി: 17.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം :- കപ്പൂർ** ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കപ്പൂർ** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

**<u>പകർപ്പ്:-</u>**

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ)-പികെഡി.20/858/2019 തിയ്യതി: 17/08/2019

**പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **കപ്പൂർ** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.08.2017മുതൽ 26.5.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-5-2019 മുതൽ 03-06-2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി പി.രമാദേവി | അസി.ഓഡിറ്റ്ഓഫീസർ |
| 3 | ശ്രീമതി.സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി രാജേശ്വരി.സി | ഓഡിറ്റർ (29.05.19 മുതൽ) |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സിന്ധുമാവറ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.രാജൻ | 1-4-2017 മുതൽ 06.06.17വരെ |
| | ശ്രീ. എ).ഷിബു | 07.06.17 മുതൽ |

| | | |
|---|---|---|
| | | 31.03.18 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീമതി.സി.എസ് ആഷ | 1.4.2017മുതൽ 10.09.2017 വരെ |
| | ശ്രീമതി. ഷിബി | 11.09.17 മുതൽ 23.09.2017 |
| | ശ്രീ.റഫീഖ്.ടി.എം | 24.09.2017 മുതൽ 31.03.18 വരെ |
| അസി.സെക്രട്ടറി | ശ്രീ. പി. ഹരി | 1.4.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ബിജുമോൻ ജോസഫ് | 1.4.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കൃഷ്ണദാസ്.പി.കെ | 1.4.2017മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.പി.വി.അഷ്റഫ് | 1.4.2017മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | ശ്രീ.ഹൃജിൽ.പി | 1.4.2017 മുതൽ 13.07.2017വരെ |
| | ശ്രീ.അഭിനന്ദ്.പി | 14.07.2017 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജാസ്മിൻ.പി.എച്ച് | 1.4.2017മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അജിതകുമാരി.എൻ | 1.4.2017മുതൽ 31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ബീന | 1.4.2017മുതൽ 31.3.2018 വരെ |
| ഡയറി. എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അങ്കിത ആന്റോ.സി | 1.4.2017മുതൽ 31.03.2018 വരെ |

## ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷം ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2017-18 | 24.03.17 ലെ തീരുമാനം 1 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31.07.18 | 01.06.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.18 മുതൽ 26.06.18 വരെ | നം.കെ.എസ്.എ പി.കെ.ഡി 21/1904(81)/18 തീയതി 29.08.18 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 12052531 | 60517995 | 72570526 | 58306297 | 14264229 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13174500 | 13174500 | 11956343 | 1218157 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8678874 | 8678874 | 7851931 | 826943 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 8543000 | 8543000 | 8369459 | 173541 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2941000 | 2941000 | 2871489 | 69511 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6348533 | 6348533 | 4423512 | 1925021 |
| കെ.എൽ.ജി.എസ്.ഡി.പി | | 0 | 3027789 | 3027789 | 1729981 | 1297808 |
| എം.ജി. എൻ. ആർ.ഇ .ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 7195596 | 7195596 | 7195596 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1000 | 767037 | 768037 | 765524 | 2513* |
| സാക്ഷരത | | 677 | 62 | 739 | 0 | 739 |
| ടി.എസ്.സി | | 80400 | 124038 | 204438 | 80400 | 124038 |
| ഐ.സി.ഡി.എസ് | | 393604 | 855095 | 1248699 | 152709 | 1095990 |
| മറ്റ് ഫണ്ടുകൾ (central govt.grants)(സബല) | | 285762 | 0 | 285762 | 0 | 285762 |
| BRGF | | 37877 | 0 | 37877 | 0 | 37877 |
| ദുരിതാശ്വാസനിധി | | 7533 | 693 | 8226 | 0 | 8226 |
| FD a/c | | 487432 | 87822 | 575254 | 0 | 575254 |
| ശുചിത്വ മിഷൻ (സംസ്ഥാനാവിഷ്കൃതം) | | 297600 | 471400(**) | 769000 | 0 | 769000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 281888 | 692200 | 974088 | 683200 | 290888 (***) |
| | ജില്ലാ പഞ്ചായത്ത് | 27422 | 0 | 27422 | 0 | 27422 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് - തൊഴിലില്ലായ്മ വേതനം | | 0 | 16440 | 16440 | 16440 | 0 |
| വിവാഹ ധനസഹായം | | 0 | 390000 | 390000 | 390000 | 0 |
| കൃഷി( ഉൽപാദന ബോണസ്) | | 0 | 200000 | 200000 | 200000 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് & ജനറൽ പർപ്പസ് ഗ്രാന്റ് (ടി.എസ്.ബി) | 5183852 | 12619684 | 17803536 | 8762996 | 9040540 |
| | ബാങ്ക് അക്കൗണ്ട്- CANARA- (A/c-322120)(****) | 1170453 | 7522916 | 8693369 | 8089364 | 604005 |
| | കുുമരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് (A/c - 667) | 3613168 | 487758 | 4100926 | 2795556 | 1305370 |
| | എസ്.ബി.ഐ -ഇ പെയ്മെന്റ് അക്കൗണ്ട് | 0 | 8390 | 8390 | 0 | 8390 |

*** വാർഷിക കണക്കുപ്രകാരം nregs admin വരവ് 762037 ആണ് എന്നാൽ nregs ക്യാഷ് ബുക്ക് പ്രകാരം വരവ് 767037 രൂപയാണ്. Trial balance പ്രകാരം 767037 രൂപയാണ് യഥാർത്ഥ വരവ്. Total Poverty Alievation Head-ൽ മുഴുവൻ ചെലവുതുകയും ബുക്ക് ചെയ്തിട്ടില്ല. യഥാർത്ഥ ചെലവ് 765524/-രൂപയാണ്.**

**(**) ശുചിത്വമിഷൻ ഹെഡിൽ തൻവർഷം 211000 വരവുണ്ട്. ഇതിനോടൊപ്പം ടി.എസ്.സി ഫണ്ടിലുള്ള നീക്കിയിരിപ്പ് തുക 80400 + 180000 രൂപയും ചേർത്ത് ആകെ വരവ് 471400 രൂപയാണ്.**

**(***) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻവർഷം ലഭിച്ച 281888 രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.**

**(****) കാനറാബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ ടി.എസ്.സി, ശുചിത്വമിഷൻ തുകകൾ കൂടി ഉൾപ്പെട്ടിരിക്കുന്നതിനാൽ ഈ തുകകൾ കുറവുചെയ്താണ് ചേർത്തിരിക്കുന്നത്.**

**യഥാർത്ഥ തനത് ഫണ്ട് തുകയാണ് ചേർത്തിട്ടുള്ളത്.**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 277 | 74506303 | 182 | 43127115 | 95 | 66% |

<u>ഐ.കെ.എം.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക്</u>

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | ആകെ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 45401311 | 23558742 | 51.9 | 192 | 111 |
| സെക്രട്ടറി | 2494000 | 1353244 | 54.3 | 14 | 10 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5465600 | 2916940 | 53.4 | 18 | 12 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 920000 | 820000 | 89.1 | 1 | 1 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1266626 | 1220233 | 96.3 | 8 | 8 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 600000 | 600000 | 100 | 1 | 1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5340400 | 4742157 | 88.8 | 6 | 6 |
| പ്രധാന അധ്യാപിക | 1815000 | 1372485 | 75.6 | 13 | 9 |
| കൃഷി ഓഫീസർ | 4170133 | 2434475 | 58.4 | 9 | 9 |
| വെറ്ററിനറി സർജൻ | 2545733 | 1366500 | 53.7 | 9 | 9 |
| അസിസ്റ്റന്റ് സെക്രട്ടറി | 4487500 | 2742339 | 61.1 | 6 | 6 |
| ആകെ | 74506303 | 43127115 | 57.8 | 277 | 182 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- | 0 | 7195596 | 7195596 | 7195596 | 0 |
| ഭരണചെലവ് | 1000 | 767037 | 768037 | 765524 | 2513* |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 28 | 16440 |
| വിധവാപെൻഷൻ | 230 | 2964800 |
| വാർദ്ധക്യകാലപെൻഷൻ | 1165 | 13454500 |
| കർഷക തൊഴിലാളി പെൻഷൻ | 1668 | 21763800 |
| വികലാംഗപെൻഷൻ | 305 | 3298800 |
| അവിവാഹിത പെൻഷൻ | 68 | 842900 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2019 ന് 3 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18320/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റേതായ സ്ഥിര നിക്ഷേപം (487432/-രൂപയുടെ) ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ വന്നിട്ടില്ല പകരം ആയതിനെ ഒരു ബാങ്ക് അക്കൌണ്ടായി തെറ്റായി അക്കൌണ്ട് ചെയ്ത് മുന്നിരിപ്പിലും നീക്കിയിരിപ്പിലും കാണിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ആവർത്തനം മാത്രമാണുണ്ടാവുന്നത്. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കുറ്റമറ്റ രീതിയിൽ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവ പലപ്പോഴും നിഷ്ക്രിയമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകേണ്ടതും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ കുറേക്കൂടി ജാഗ്രത പാലിക്കേണ്ടതുണ്ട്.
ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കപ്പെടുന്നുണ്ടെന്ന് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു

ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊക്യുർമെന്റ് കമ്മിറ്റി ഓരോ വാങ്ങലിലും തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

പഞ്ചായത്തു പരിധിയിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ്-2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

വിതരണം ചെയ്യുന്ന രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിക്കുന്നില്ല. റദ്ദാക്കുന്ന രസീതികളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കുന്നതും അസി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടതുമായ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സേവന നികുതി പോലുള്ള പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് വലിയ വീഴ്ച വന്നിട്ടുണ്ട്. വാർഷിക കണക്കു പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശിക 12 ലക്ഷം കവിഞ്ഞു നിൽക്കുന്നു തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. പ്രവൃത്തികൾ സംബന്ധിച്ച വൌച്ചറുകളും ഫയലുകളും പ്രത്യേകിച്ചും മരാമത്തുമായി ബന്ധപ്പെട്ടവ കുറേക്കൂടി അടുക്കും ചിട്ടയോടുംകൂടി പരിപാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13-05-2009 മുതൽ 14-05-2009 | 04/2019 | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-3-2009 മുതൽ 18-3-2009 വരെ | 1997-98 മുതൽ 1999-2000 വരെ | 25-04-09 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ താഴെ പറയുന്നു.

1. വാർഷിക കണക്കുപ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ Admin വരവ് 762037 ആണ് എന്നാൽ കാഷ് ബുക്ക് പ്രകാരമുള്ള വരവ് 767037 രൂപയാണ്. 5000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (ട്രഷറി, ബാങ്ക് ) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെയും കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും വരവുകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

3. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻവർഷം ലഭിച്ച 281888/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 27,422/-രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. സംയുക്ത പ്രോജക്ടുകൾക്കായുള്ള ജോയിന്റ് വെൻചർ അക്കൗണ്ടിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. ഈ തുകകൾ ട്രഷറി own fund-ൽ നിന്നും ട്രഷറി joint venture അക്കൗണ്ടിലേക്ക് മറ്റേണ്ടതാണ്/ വിനിയോഗിക്കാത്തപക്ഷം

തിരിച്ചടയ്ക്കേണ്ടതാണ്.

4.സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപം തുക ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ ആയി കണക്കാക്കി R P 40(a) യിലും RP 40(b) യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് സ്ഥാപനത്തിന്റെ ആസ്തിയായതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

എ) തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ വിവരം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ)(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. താഴെ പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം/ ജീവനക്കാർ | അർദ്ധ വർഷം | കുറിപ്പുകൾ |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ജീവനക്കാർ | 2 | ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല, തൊഴിൽ നികുതി പത്രിക ഹാജരാക്കിയിട്ടില്ല. |
| 2 | എൽ.എസ്.ജി.ഡി സെക്ഷൻ | 2 | - ടി - |
| 3 | ബി.എസ്.എൻ.എൽ കോഴിക്കര | 1 & 2 | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി |
| 4 | പോസ്റ്റോഫീസ്, കപ്പൂർ | 2 | ജീവനക്കാരുടെ തൊഴിൽനികുതി |
| 5 | പോസ്റ്റോഫീസ്, കല്ലടത്തൂർ | 1 & 2 | - ടി - |
| 6 | പോസ്റ്റോഫീസ്, എറവക്കാട് | 1 & 2 | - ടി - |
| 7 | മാവേലിസ്റ്റോർ | 2 | സ്ഥാപന തൊഴിൽ നികുതി |
| 8 | കെ.എസ്.ഇ.ബി | 2 | സ്ഥാപന തൊഴിൽ നികുതി |
| 9 | ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1 & 2 | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി |
| 10 | ദാറുൽ - ഉലും ഇംഗ്ലീഷ് മീഡിയം സ്കൂൾ, കപ്പൂർ | 1 & 2 | ജീവനക്കാരുടെ തൊഴിൽ നികുതി |

| | | | |
|---|---|---|---|
| 11 | ഡോ.മനോജ്, ഡോ.സക്കീർ | 1 & 2 | ക്ലിനിക്കുകളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല |
| 12 | റേഷൻ കടകൾ | 1 & 2 | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി |
| 13 | കുമരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 1 & 2 | സ്ഥാപന തൊഴിൽ നികുതി |

മേൽ പട്ടികയിലെ ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി വിശദാംശങ്ങൾ സഹിതം ലഭ്യമാക്കേണ്ടതാണ് അല്ലാത്തപക്ഷം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

<u>ബി) ട്രെയിഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ ഹാജരാക്കിയില്ല</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം 99560/- രൂപ ട്രെയിഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിൽ വരവുണ്ട്. എന്നാൽ ട്രെയിഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

<u>സി) രേഖകളുടെ സൂക്ഷിപ്പ്</u>

1. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുടെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പലസ്ഥാപനങ്ങളുടെയും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ : - ഗ്രാമപഞ്ചായത്ത് ഓഫീസ്, എൽ.എസ്.ജി.ഡി സെക്ഷൻ, ജി.ജി.എച്ച്.എസ്.എസ്, കുമരനെല്ലൂർ

<u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കരാറുകാരുടെയും 2017-18 വർഷത്തിൽ കരാറിലേർപ്പെട്ട പ്രവൃത്തികളുടെ എണ്ണത്തിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | കെ.രാജൻ | 2 |
| 2 | സുജയൻ | 3 |
| 3 | എം.സുബ്രമണ്യൻ | 3 |
| 4 | ലിജീഷ് | 2 |
| 5 | മുഹമ്മദ് അലി ഷിജു | 1 |
| 6 | യു.വി.സിദ്ദീഖ് | 1 |
| 7 | നൗഫൽ | 2 |
| 8 | എം.വാസുദേവൻ | 1 |

മേൽ കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം (നം.10, തിയ്യതി-31.05.2019) നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 2-2 വസ്തുനികുതി പരിശോധന - നിരീക്ഷണങ്ങൾ

<u>എ) വസ്തുനികുതി കുടിശ്ശിക</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം കുടിശ്ശിക – 965735

മുൻവർഷങ്ങളിലെ കുടിശ്ശിക – 1244831

ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ വസ്തുനികുതിയുടെ കുടിശ്ശിക ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
സഞ്ചയയിലെ റിപ്പോർട്ട് പ്രകാരം 294 കെട്ടിടങ്ങളുടെ ഡാറ്റാപ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>ബി) സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. നികുതി വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥിരത ഉറപ്പു വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് അന്വേഷണം നം.11/തിയ്യതി-31-05-2019)

## 2-3 ഡി & ഒ ലൈസൻസ് നൽകൽ -ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**<u>എ) ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം - 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല</u>**

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ *'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ'* എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ 2017-18 വർഷത്തിൽ വരുത്തിയിട്ടില്ല.

<u>ബി) റേഷൻ കടകൾ ചട്ടപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/തിയ്യതി-31-5-2019) മറുപടി ലഭ്യമാക്കിയില്ല.

<u>സി) സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

അത്തരത്തിലുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല.

<u>ഡി) ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കേണ്ടതാണ്</u>

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2017-18 വർഷത്തിൽ അത്തരത്തിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ക്രമ നം. 28 പ്രകാരം ശ്രീ.അബ്ദുള്ളക്കുട്ടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കോഴിഫാം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോഴിഫാമിന് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല.

<u>ഇ) സമയബന്ധിതമായി ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല</u>

2017-18 ൽ ലൈസൻസ് നൽകിയ ആകെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം 253 ആണ്. ഇവയിൽ 147 അപേക്ഷകളാണ് നിശ്ചിത സമയപരിധിക്കകം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവശേഷിക്കുന്നവയിൽ പുതിയ അപേക്ഷകളുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പുതിയ സ്ഥാപനങ്ങളുടെ കൃത്യമായ എണ്ണം ലഭ്യമല്ല.

ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം

ഉണ്ടാവുകയും ചെയ്യുന്നുണ്ട്. സമയ ബന്ധിതമായി ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.9, തിയ്യതി-31-5-19)

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഗ്രാമപഞ്ചായത്ത് പരിധിയിലെ വാണിജ്യ സ്ഥാപനങ്ങൾ യഥാസമയം പരിശോധനാ നടപടികൾ സ്വീകരിച്ച് ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
2. സ്ഥാപനങ്ങൾ സമയബന്ധിതമായി ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. അപേക്ഷകളിലെ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.
4. 2017 ലെ ഭേദഗതി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കേണ്ടതാണ്.
6. ഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ഫാം ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കേണ്ടതാണ്

മേൽ വിഷയങ്ങളിൽ ഓരോന്നിലും തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 പെർമിറ്റ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

<u>എ) പെർമിറ്റ് അപേക്ഷകളുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും അപേക്ഷകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ നിരസിച്ചവയാണോ എന്ന് വ്യക്തമല്ല. അത്തരത്തിലുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം./അപേക്ഷ വിവരങ്ങൾ., | കുറിപ്പ് |
|---|---|---|
| 1 | B2 – 849 ആസിഫ് ഓഡിറ്റോറിയം | തുടർ നടപടികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | A3 – 2946/30-6-17 ഇൻഡസ്ട്രീസ് ട്രേവേഴ്സ് | കത്തയച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| 3 | A3 – 2947/30-6-17 ഇൻഡസ്ട്രീസ് ട്രേവേഴ്സ് | -ടി- |
| 4 | A2-62/18/5-1-18 | തുടർ നടപടികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |

മേൽ പട്ടികയിലെ പെർമിറ്റ് അപേക്ഷകളുടെ തുടർനടപടികളുടെ വിവരം പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ബി) താഴെ പറയുന്ന പെർമിറ്റ് ഫയലുകൾ ഓഡിറ്റിനു ഹാജരാക്കിയില്ല</u>

2017-18 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് അനുവദിച്ച താഴെ പറയുന്ന അപേക്ഷകളുടെ പെർമിറ്റ് ഫയൽ ഓഡിറ്റിനു ഹാജരാക്കിയില്ല. പെർമിറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | അപേക്ഷ നം. / പെർമിറ്റ് നം./തിയ്യതി | കെട്ടിടത്തിന്റെ തരം | ബ്യുൽട് അപ് ഏരിയ* (ച.മീ) |
|---|---|---|---|---|
| 1 | Hajara | A3-BA(66003)/2017 /14/11/2017 | Residential Commercial (16 construction with 2 max floors) | 787.04 |

| | | | | |
|---|---|---|---|---|
| 2 | Babu.V.K | A2-BA(81848)/2017 /14/12/2017 | Residential (54 construction with 3 max floors) | 7560.6 |
| 3 | Hamsa | A2-BA(69311)/2017 /21/11/2017 | Residential Commercial (8 construction with 2 max floors) | 568.58 |
| 4 | Muhammed Salim | A2-3381/17 /29-07-17 | Residential | 347.98 |
| 5 | Firose | A2-BA(83036)/2017 /15/12/2017 | Residential | 378.57 |
| 6 | Muhammed Jafar | A2-BA(16017)/2018 /26/02/2018 | Residential | 437.44 |
| 7 | Abdurahim | A2-BA(61206)/2017 /02/11/2017 | Residential | 460.48 |

*സങ്കേതം സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം

പെർമിറ്റ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കാലാവധി പുതുക്കുന്നതിനും പൂർത്തീകരണ ശേഷം തുടർ നടപടികൾ ആവശ്യമായ രേഖകൾ ക്രമപ്രകാരം സൂക്ഷിക്കാതിരിക്കുന്നതും ഓഡിറ്റിനു ഹാജരാക്കാതിരിക്കുന്നതും ശരിയായ നടപടിയല്ല. ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം. 14/31-05-19) നൽകിയെങ്കിലും ഹാജരാക്കുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

<u>സി) നിലം വിഭാഗത്തിൽ പെർമിറ്റ് അനുവദിച്ച ഫയലുകൾ ഹാജരാക്കിയില്ല</u>

രേഖകൾ പ്രകാരം നിലം കാറ്റഗറിയിൽ ഉൾപ്പെട്ടെതും എന്നാൽ നിലവിൽ നിലമോ പാടമോ അല്ലാത്തതുമായ സ്ഥലങ്ങളിൽ വീട് വയ്ക്കുന്നതിന് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ പ്രകാരം 4 വ്യക്തികളുടെ പെർമിറ്റ് അപേക്ഷകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം./തിയ്യതി, അപേക്ഷകൻ | സർവ്വേ നം. | കമ്മിറ്റി അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | A3-3582/14-8-17 ഷാബി | 9/1 B2 | 9-10-17 |
| 2 | A3-3589/16-8-17 രഘുനാഥ്, ജിഷ | 8/2 | 9-10-17 |
| 3 | A3-3860/13-9-17, യശോദ | 253/1 | 9-10-17 |
| 4 | A3-4171/5-10-17, ജാസ്മിൻ മുതൽപേർ | 313/3 | 9-10-17 |
| 5 | A2-826/23-2-18, സുരേജൻ | 334/1 | രേഖപ്പെടുത്തിയിട്ടില്ല |

പെർമിറ്റ് അനുവദിക്കുന്നതിനു മുൻപ് പ്രസ്തുത അപേക്ഷ നിലം നികത്ത് ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട പ്രാദേശികതല കമ്മിറ്റിയിൽ പരിഗണിച്ചിരുന്നോ എന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/31-05-19) മറുപടി ലഭ്യമാക്കിയില്ല. നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാ അപ്പലേറ്റ് അതോറിറ്റിയ്ക്ക് ശുപാർശ ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക്/ഡാറ്റാ ബാങ്ക് ലഭ്യമാക്കാത്തതിനാൽ അത്തരത്തിൽ പരിശോധിച്ച്

ഉറപ്പു വരുത്താനും കഴിഞ്ഞിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. പെർമിറ്റ് അപേക്ഷകളുടെ തുടർനടപടികളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
2. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ ആയതിന്റെ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ആയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.
3. എല്ലാ മാസവും സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
4. കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.12900/ആർ.എ1/2015/ത.സ്വ.ഭ.വ, തീയതി-2-12-15 പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
5. മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കേണ്ടതും, അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 കടമുറികളുടെ വാടക വരവ് - നിരീക്ഷണങ്ങൾ

**എ) റവന്യൂ ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20 കെട്ടിട നമ്പറുകൾ രേഖപ്പെടുത്തിയ കടമുറികൾ ഉണ്ട്. അവയിൽ 6 കടമുറികൾ ഷട്ടർ തകർന്ന നിലയിൽ ആണെന്നാണ് വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉള്ളത്. ആയതിനാൽ അവശേഷിക്കുന്ന 14 മുറികളിൽ നിന്നുള്ള വരുമാനമാണ് ഓഡിറ്റ് വർഷത്തിൽ ലഭ്യമായിട്ടുള്ളതെന്ന്

പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള റവന്യൂചോർച്ച തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12, തിയ്യതി-31-05-2019) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. കടമുറികൾ ഉപയോഗയോഗ്യമല്ല എന്നാണ് എക്സിറ്റ് മീറ്റിംഗ് വേളയിൽ അറിയിച്ചത്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും പഞ്ചായത്തിന്റെ റവന്യൂ ചോർച്ച തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ബി) വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ വാടകക്കാരുമായി നിയമാനസൃതമായ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.12, തിയ്യതി-31-05-2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. 2016-17 വർഷത്തിൽ കരാർ ചമച്ചതിന്റെ രേഖകളാണ് ഹാജരാക്കിയത്. നിശ്ചിത തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ തയ്യാറാക്കി ഒപ്പു വെക്കാതിരിക്കുന്നതിനാൽ ഭാവിയിൽ ഉണ്ടാകാവുന്ന നിയമപ്രശ്നങ്ങൾക്ക് നിയമപരമായ സാധുത ഉണ്ടാവുകയില്ല. കൂടാതെ സർക്കാരിന് നഷ്ടം സംഭവിക്കുന്നതിനും ഇടയാക്കുന്നു. വാടകക്കാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക |
|---|---|---|---|
| 1 | III/336 | മൊയ്തു | 510/- |
| 2 | III/337 | മുഹമ്മദാലി | 600/- |
| 3 | III/338 | മുഹമ്മദാലി | 705/- |

| | | | |
|---|---|---|---|
| 4 | III/343 | രാജേഷ് | 866/- |
| 5 | III/344 | മുഹമ്മദ് ഫിറോസ് | 874/- |
| 6 | III/345 | മുഹമ്മദ് ഫിറോസ് | 874/- |
| 7 | III/346 | സിന്ധു.കെ | 571/- |
| 8 | III/347 | കുഞ്ഞുണ്ണി | 810/- |
| 9 | III/348 | വിപിൻ ചന്ദ്രൻ | 865/- |
| 10 | III/353 | വിനോദ് കുമാർ | 758/- |
| 11 | III/354 | റഹ്മത്തുള്ള | 1813/- |
| 12 | III/355 | വിപിൻ ചന്ദ്രൻ | 1460/- |
| 13 | III/356 | രാജീവ് | 1609/- |
| 14 | IV/486 | Exe.Engineer, KSEB | 7700/- |

കരാർ ചമയ്ക്കാത്തതു മൂലം സർക്കാരിനുണ്ടായ 2800 രൂപ (200*14) യുടെ നഷ്ടം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>വാടക യഥാസമയം ഈടാക്കേണ്ടതാണ്</u>

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന വാടക കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം - 57494

മുൻവർഷങ്ങളിലെ കുടിശ്ശിക – 1899

ആകെ കുടിശ്ശിക – 59393

വാടക ഡിമാന്റ് രജിസ്റ്ററിലെ അരിയർ ഡിമാന്റ് വിവരങ്ങൾ രേഖപ്പെടുത്തിയതു പ്രകാരം പിന്നീട് 2018-19 വർഷത്തിൽ കുടിശ്ശിക അടവാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ യഥാസമയം വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കുടിശ്ശിക ഉണ്ടായിരുന്ന വാടക്കാർക്കു തന്നെ തുടർ വർഷങ്ങളിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ വാടക കുടിശ്ശികയുള്ളവർക്ക് തന്നെ തുടർന്ന് നൽകേണ്ടി വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും പഞ്ചായത്തിന്റെ റവന്യൂ ചോർച്ച തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വാടകക്കാരുമായി നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. കടമുറികളുടെ വാടക യഥാസമയം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കുടിശ്ശിക നിലനിൽക്കുന്ന വാടക്കാർക്കു തന്നെ തുടർ വർഷങ്ങളിൽ വാടകയ്ക്ക് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
5. കരാർ ചമയ്ക്കാത്തതു മൂലം സർക്കാരിനുണ്ടായ 2800 രൂപ (200*14) യുടെ നഷ്ടം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 24.03.17 ലെ തീരുമാനം 1 ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി ബജറ്റിനു മുമ്പായി വിളിച്ചു ചേർക്കേണ്ടതാണ്. ബജറ്റ് ഒഴികെ ബജറ്റ് നടപടിക്രമങ്ങളുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജനുവരി 15 ന് മുമ്പ് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രോഡീകരിച്ചു നൽകുന്ന നോൺ പ്ലാൻ പ്രൊപ്പോസലുകൾ ഉപയോഗപ്പെടുത്തിയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിലേക്കുള്ള അന്തിമ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നിരിക്കെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും സഹകരണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
3. ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്. ബജറ്റ് നിയന്ത്രണത്തിനായി ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്-ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് കൈമാറേണ്ടതാണ്.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം അടങ്കൽ തുകയുടെ 0.2% ആണ് ടെണ്ടർ ഫോറം വില നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് അസി.എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പടിഞ്ഞാറങ്ങാടി ബ്രാഞ്ചിൽ 36548431846 നമ്പറായി അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൌണ്ടിൽ നിലവിൽ 25841/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫോറം രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ യഥാർത്ഥത്തിൽ തിരികെ ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമല്ല. പഞ്ചായത്തിന് നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക എത്രയെന്ന് കണക്കാക്കുന്നതിനായി ഇ-ടെൻഡർ ലിസ്റ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിൽ നിന്നും ഇനി ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാവുന്ന മുറയ്ക്ക നിലവിലുള്ള നീക്കിയിരിപ്പു് സഹിതം ഗ്രാമ പഞ്ചായത്തു് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് കൈമാറേണ്ടതുമാണ്. കറന്റ് അക്കൌണ്ടിന് പലിശ വരവില്ല എന്നതിനാൽ

യഥാസമയം ലഭ്യമാവുന്ന തുകകൾ ഗ്രാമ പഞ്ചായത്തു അക്കൌണ്ടിലേക്ക് കൈമാറാത്ത പക്ഷം ആയത് റവന്യൂ നഷ്ടത്തിലും കലാശിക്കുമെന്നതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം

1. വാഹനത്തിന്റെ ഉപയോഗം

ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ( (Bolero) രജിസ്ട്രേഷൻ നം. KL-52-C-2110) ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു പോരുന്നത്. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്താതെയും ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്നാണ് നിബന്ധന.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തേണ്ടതാണ്.
4. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.
5. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണത്തിലെ കൃത്യത, തരം എന്നിവ ഉറപ്പാക്കുവാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തതും നിലവിലില്ലാത്തതുമായ വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമായതു പ്രകാരം തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 609802/- രൂപ തൻവർഷം അടവാക്കിയിട്ടുണ്ട്. അറ്റകുറ്റപണികൾക്കായി തൻവർഷം 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

* വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന അടിയന്തിരമായി നടത്തി തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും, ഒടുക്കുന്ന വൈദ്യുതി ചാർജ്ജ്, വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുക എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

*പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

*ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ ഭരണ സമിതി അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രി മെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 245/17 – ചിറ എടപ്പറമ്പ് റോഡ് റീ ടാറിംങ്<br>അടങ്കൽ - 350000/- | 20.03.2017<br>4(1) | 05.4.17 | നം.13/ae/lsgd/kpr /2017-18 dt.7.6.2017 | 3500 |

| | | | | | |
|---|---|---|---|---|---|
| | പി.എ.സി. –350000/-<br>കരാറുകാരൻ - ശ്രീ. എം.വാസുദേവൻ<br>ബിൽ നം. 63/22.03.2018തുക 133001<br>തനത് ഫണ്ട്.ചെക്ക് നം. 1772787 തിയതി 21.3.18തുക 100000 | | | | |
| 2 | 274/2017 – അന്തിമഹാകാളൻ കാളിയത്ത് റോഡ്<br>അടങ്കൽ - 300000/-<br>പി.എ.സി. - 300000/-<br>കരാറുകാരൻ - ശ്രീ.സുജയൻ.കെ<br>ബിൽ നം. 79/2017-18 തിയതി.28.03.2018 | 20.03.2017<br>4(1) | 05.04.2017 | നം.02/ae/lsgd/kpr /2017-18 തിയതി 12.04.2017 | 3000 |
| 3 | 231/17 – ചെമ്പുള്ളി റോഡ് ടാറിംങ്<br>അടങ്കൽ - 300000/-<br>പി.എ.സി. - 300000/-<br>കരാറുകാരൻ - ശ്രീ.രാജൻ.കെ<br>ബിൽ നം. 83/28.3.18 | 20.03.2017<br>4(1) | 05.04.2017 | നം.01/ae/lsgd/kpr /2017-18 തിയതി.12.04.2017 | 3000 |
| 4 | 67/2017– മിൽ റോഡ് മാടക്കാട് റോഡ് ടാറിംങ്<br>അടങ്കൽ -100000/-<br>പി.എ.സി. -100000/-<br>കരാറുകാരൻ - ശ്രീ.സുജയൻ<br>ട്രഷറി ചെക്ക് നം 1772787 തിയതി 21.03.2018 | 20.03.2017<br>4(1) | 05.04.2017 | നം.16/ae/lsgd/kpr /2017-18 തിയതി.21.07.2017 | 1000 |
| | | | **ആകെ** | | **10500** |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹10500/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.17 തിയതി 01.06.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

## 3-4 സ്പിൽഓവർ പ്രൊജക്റ്റ്-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി

# പൂർത്തീകരിക്കാതെ തുടരുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (ജി.ഒ.എം.എസ് നം.72/2017/ത.സ്വ.ഭ.തിയതി.29/03/2017) ഖ.6.8(2) എന്നിവ പ്രകാരം ഒരു സ്പിൽഓവർ പ്രൊജക്റ്റ്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2016-17 വർഷത്തിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായ താഴെ പറയുന്ന പ്രൊജക്ടുകൾ 2017-18 സാമ്പത്തികവർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | (പ്രൊ.നം.129/18)എറവക്കാട് നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റിംങ് | 1000000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 2 | (പ്രൊ.നം.169/18)തിരുത്തിങ്കൽ അമ്പല പരിസരം റോഡ് കുടിവെള്ള പദ്ധതി | 200000 | വികസന ഫണ്ട് പൊതു വിഭാഗം |
| 3 | (പ്രൊ.നം.170/18) എറവക്കാട് കുടിവെള്ള പദ്ധതി | 300000 | ടി |
| 4 | (പ്രൊ.നം.172/18)വെള്ളാട്ടൂർ മലേഷ്യ ബിൽഡിംങ് റോഡ് ഫോർമേഷൻ | 100000 | തനത് ഫണ്ട് |
| 5 | പ്രൊ.നം.173/18)കീരിത്തോട് പള്ളത്ത് വെള്ളടാങ്ക് റോഡ്ഡ് കോൺക്രീറ്റിംങ് | 100000 | ടി |
| 6 | (പ്രൊ.നം.174/18) എറവക്കാട് ജാറം റോഡ് | 100000 | ടി |
| 7 | (പ്രൊ.നം.175/18) രാജീവ് ദശലക്ഷം കോളനി റോഡ് കോൺക്രീറ്റിംങ് | 100000 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 8 | (പ്രൊ.നം.176/18) ചോലക്കുളം ഞാവലിൻകാട് റോഡ് കോൺക്രീറ്റിംങ് | 200000 | വികസനഫണ്ട് (scp) |
| 9 | (പ്രൊ.നം.178/18) നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റിംങ് | 100000 | തനത് ഫണ്ട് |
| 10 | (പ്രൊ.നം.179/18) ചുള്ളിയിൽ പാറപ്പുള്ളി റോഡ് സൈഡ് കെട്ടൽ | 100000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 11 | (പ്രൊ.നം.181/18) എൻജിനിയർ മോസ്കോ റോഡ് കോൺക്രീറ്റിംങ് | 100000 | തനത് ഫണ്ട് |
| 12 | (പ്രൊ.നം.182/18) കാഞ്ഞിരത്തോണി നെല്ലിപ്പടി വെയിറ്റിംങ് ഷെഡ് പുനരുദ്ധാരണം | 50000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 13 | (പ്രൊ.നം.184/18) പാറയിൽപ്പാടം റോഡ് സൈഡ് കെട്ടൽ ,കോൺക്രീറ്റിംങ് | 100000 | ലോകബാങ്ക് ധനസഹായം |
| 14 | (പ്രൊ.നം.185/18)കോട്ടയിൽപ്പടി റോഡ് കോൺക്രീറ്റിംങ് | 100000 | ലോകബാങ്ക് ധനസഹായം |
| 15 | (പ്രൊ.നം.186/18)മണ്ണാരപ്പറമ്പ് റോഡ് കോളേജ് ഹോസ്റ്റൽ റോഡ് കോൺക്രീറ്റിംങ് | 100000 | ലോകബാങ്ക് ധനസഹായം |
| 16 | (പ്രൊ.നം.187/18)മക്കാട് പുതിയ കോളനി റോഡ് കോൺക്രീറ്റിംങ് | 100000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 17 | (പ്രൊ.നം.188/18)ചിറക്കുളം റോഡ് ടാറിംങ് | 100000 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 18 | (പ്രൊ.നം.189/18)കുളത്തിൽ വളപ്പിൽ റോഡ് കോൺക്രീറ്റിംങ് | 100000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 19 | (പ്രൊ.നം.190/18)വാളക്കര റോഡ് കോൺക്രീറ്റിംങ് | 100000 | വികസനഫണ്ട് (scp) |
| 20 | (പ്രൊ.നം.191/18)അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 100000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |

| | | | |
|---|---|---|---|
| 21 | (പ്രാ.നം.193/18)കുണ്ടുകാട് IHDPകോളനി റോഡ് ടാറിംങ് | 200000 | വികസനഫണ്ട് (scp) |
| 22 | (പ്രാ.നം.194/18)ചക്കിയത്ത് റോഡ് കല്ലു പതിക്കൽ | 75000 | തനത് ഫണ്ട് |
| 23 | (പ്രാ.നം.195/18)പമ്പ് ഹൌസ് റോഡ് കോൺക്രീറ്റിംങ് | 100000 | തനത് ഫണ്ട് |
| 24 | (പ്രാ.നം.197/18) കാടംകുളം റോഡ് കോൺക്രീറ്റിംങ് | 100000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 25 | (പ്രാ.നം.198/18)കപ്പൂർ വില്ലേജ ഓഫീസ് പാറക്കൽപ്പള്ളി കപ്പൂർപ്പാടം റോഡ് മെറ്റലിംങ് | 200000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 26 | (പ്രാ.നം.199/18)തിരുത്തിങ്കൽ അമ്പല പരിസരം റോഡ് മെറ്റലിംങ് | 100000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 27 | (പ്രാ.നം.202/18)വാളക്കര കുടിവെള്ള പദ്ധതി 2ാം ഘട്ടം | 163000 | വികസനഫണ്ട് (scp) |
| 28 | (പ്രാ.നം.206/18)നാല് സെന്റ് കോളനി റോഡ് സോളിംങ്, മെറ്റലിംങ് ,ടാറിംങ് | 325311 | വികസനഫണ്ട് (scp) |
| 29 | (പ്രാ.നം.214/18) രാഗം മുര്യാട് റോഡ് വാർഡ് 12 | 67979 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 30 | (പ്രാ.നം.215/18) MRS പെരിങ്കണ്ണൂർ റോഡ് റീടാറിംങ് | 200133 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 31 | (പ്രാ.നം.223/18)മാണിക്യം കുളം റോഡ് കോൺക്രീറ്റിംങ് | 200000 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 32 | (പ്രാ.നം.230/18)അങ്കൺവാടി -കുരുത്തിച്ചിറ റോഡ് ഫോർമേഷൻ | 125000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 33 | (പ്രാ.നം.231/18)കോലോത്ത് പറമ്പ് വെള്ളാളൂർ സ്കൂൾ റോഡ് റീടാറിംങ് | 68030 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 34 | (പ്രാ.നം.233/18)ചോക്കോട് കരിവാൻപടി( ജ്യോത്സ്യൻപടി) റോഡ് കോൺക്രീറ്റിംങ് | 50466 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 35 | (പ്രാ.നം.235/18)പഴയ വില്ലേജ് ഓഫീസ് റോഡ് | 214581 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| 36 | (പ്രാ.നം.240/18)അങ്കണവാടി വൈദ്യുതീകരണം(നം 6,10,13,16,19,20,21,26,27,28,29,30,31) | 450000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 37 | (പ്രാ.നം.243/18)അങ്കണവാടികൾക്ക് ചുറ്റുമതിൽ(9,10,14,15) | 300000 | തനത് ഫണ്ട്(60000)+മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം(24000) |
| 38 | (പ്രാ.നം.244/18)കുമരനെല്ലൂർ PHC ജീപ്പ്ഷെഡ് റിപ്പയർ | 100000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 39 | (പ്രാ.നം.250/18)കാടംകുളം റോഡ് മെറ്റലിംങ് | 150000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 40 | (പ്രാ.നം.251/18)വട്ടപ്പറമ്പ് മക്കാട് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 50000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 41 | (പ്രാ.നം.255/18)പള്ളങ്ങാട്ട് ചിറ അങ്കൺവാടി നിർമ്മാണം | 800000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 42 | (പ്രാ.നം.256/18)കള്ളിക്കുന്ന് അങ്കൺവാടി നിർമ്മാണം | 800000 | വികസനഫണ്ട്(പൊതു വിഭാഗം) |
| 43 | (പ്രാ.നം.258/18)ഹരിദാസ് മെമ്മോറിയൽ റോഡ് മെറ്റലിംങ് | 241311 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 44 | (പ്രാ.നം.259/18)കാടംകുളം റോഡ് ടാറിംങ് | 147930 | ധനകാര്യ കമ്മീഷൻ അവാർഡ്(129071) +തനത് ഫണ്ട്(18859) |
| 45 | (പ്രാ.നം.262/18)കുമരനെല്ലൂർ | 58214 | ധനകാര്യ കമ്മീഷൻ അവാർഡ് |

| | | | |
|---|---|---|---|
| | പഞ്ചായത്ത് റോഡ് റിപ്പയറിംങ് | | |
| 46 | (പ്രൊ.നം.263/18)ഇരുമ്പ്കുന്ന് ബാലവാടി റോഡ് ബാക്കി റീടാറിംങ് | 100000 | ലോകബാങ്ക് ധനസഹായം |
| 47 | (പ്രൊ.നം.264/18)ചേക്കോട് കുടിവെള്ള പദ്ധതി | 50000 | തനത്ഫണ്ട് |
| 48 | (പ്രൊ.നം.265/18)മാവറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 75000 | തനത്ഫണ്ട് |
| 49 | (പ്രൊ.നം.266/18)സ്നേഹാലയം കുടിവെള്ള രിപ്പയർ | 50000 | തനത്ഫണ്ട് |

2016-17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി 31.05.19) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല) സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ടെണ്ടർ ഫയൽ ലഭ്യമായിക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 53/18

സ്പോർട്ട്സ് കിറ്റ് വിതരണം

ബിൽ നം 8/17-18;28.03.18-100000
നിർവ്വഹണം നടത്തിയത് – പ്രധാനാധ്യാപിക

പ്രോജക്ട് പ്രകാരം 19 അംഗീകൃതക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കാലിയോ, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് സ്പോർട്സ് കിറ്റുകൾ വാങ്ങിയിരിക്കുന്നത്. എന്നാൽ ടെണ്ടർ നടപടികളുടെ വിശദാംശങ്ങളടങ്ങിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ നൽകുന്നതിനാവശ്യപ്പെട്ടുകൊണ്ടു ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഫയൽ തെരഞ്ഞെടുക്കാൻ സാധിച്ചില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ടെണ്ടർ ഫയലുകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നം.5/31.05.2019)

## 3-6 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 12,50,000/- രൂപ അടങ്കലായി വകയിരുത്തി താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് :

| | |
|---|---|
| പ്രൊജക്റ്റ് നം. | SOO67/18 |
| പേര് | കന്നുകുട്ടി പരിപാലനം |
| വികസന ഫണ്ട് | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ആകെ അടങ്കൽ | 12,50,000/- |
| ബിൽ നം./തിയതി | ചെലവ് |
| 11/17-18/31/01/2018 | 2,50,000/- |

പ്രസ്തുത പദ്ധതി വിഹിതം പാലക്കാട്ടിലെ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് കന്നുകുട്ടി പരിപാലനത്തിനായി അക്കൗണ്ട് നം.714021400000008 ലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനായി 31.05.2019 ലെ അന്വേഷണ നം.6 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.ആയതിന് താഴെ പറയുന്ന വിശദീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ട് :

1)കന്നുകുട്ടി രജിസ്റ്ററിലുൾപ്പെടുത്തിയിട്ടുള്ള 40 കന്നുകുട്ടികളെ ഗ്രാമസഭയുടെ അംഗീകാരത്തോടെ ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് പരിപാലനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

2)കന്നുകുട്ടികളുടെ മാസവും, അവയുടെ പ്രായത്തിന്റേയും അനുപാതത്തിലാണ് ഇവയ്ക്കുള്ള കാലിത്തീറ്റ ക്ഷീര സഹകരണ സംഘം മുഖേന നല്കി വരുന്നത്.

3)കാലിതീറ്റയുടെ വിലയ്ക്കുള്ള സബ്സിഡി കിഴിച്ച് ബാക്കി തുക കർഷകരിൽ നിന്നും എല്ലാ മാസവും ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച് കന്നുകുട്ടി പരിപാലന സർക്കിൾ ഓഫീസിലേക്ക് (ഷൊർണ്ണൂർ) അടവാക്കി വരികയാണ് ചെയ്ത് വരുന്നത്.

4)2017-18 സാമ്പത്തിക വർഷത്തിലെ കന്നുകുട്ടി പരിപാലന പദ്ധതി നടന്ന് കൊണ്ടിരിക്കുന്നതിനാൽ ധന വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ഡയറക്ടറിൽ നിന്നും ലഭിക്കുകയുള്ളൂവെന്നും രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 ഡയറി എക്സറ്റൻഷൻ ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതിയുടെ രേഖകൾ ഹാജരാക്കാത്തത് .

പദ്ധതി - ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി(74/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സറ്റൻഷൻ ഓഫീസർ.

അടങ്കൽ - 920000/-

ചെലവ് - 720000/-(plan) + 100000/- (BP)

പദ്ധതിരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയതിൽ ട്രഷറി ബില്ലിന്റെ പകർപ്പ്, ക്ഷീരകർഷകരുടെ (ഗുണഭോക്താക്കളുടെ) ലിസ്റ്റ് എന്നിവ മാത്രമാണ് ഉള്ളത്.

ആകെ ക്ഷീരസംഘങ്ങൾ, ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകരുടെ പേര്, അളന്ന പാലിന്റെ അളവ്, കാലയളവ്,എന്നിവയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. ക്ഷീരസംഘങ്ങൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. അനുവദിച്ച സബ്സിഡി നിരക്ക്, ഓരോമാസത്തിലും അനുവദിച്ച നിരക്ക്, ആകെ കാലയളവ് എന്നിവയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.13/31.5.2019). പദ്ധതി രേഖകൾ മുഴുവനായും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 820000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് രൂപീകരിച്ച പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല

ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ശുചിത്വ മാലിന്യസംസ്കരണമേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും ജലസാനിധ്യം ജലസ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുന:സ്ഥാപനപ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും സമൂഹത്തെ പ്രാപ്തരാക്കുന്നതിനാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. മിഷന്റെ ഉപദൗത്യങ്ങളിൽ ഏറ്റവും പ്രധാനമാണ് ശുചിത്വമാലിന്യസംസ്കരണം. ഉത്തരവാദിത്ത മാലിന്യപരിപാലനരീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂലമനോഭാവങ്ങളും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു മാലിന്യ പരിപാലനസംസ്കാരം സൃഷ്ടിക്കുക, ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുകയാണ് ഓഡിറ്റ് ലക്ഷ്യം. എന്നാൽ താഴെ പറയും വിധം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ വിവരം ഓഡിറ്റ് അന്വേഷണം നം 5/31.05.19 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി ഉൾപ്പെടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്തതിന് /ഭാഗികമായി നടപ്പിലാക്കിയതിന് കാരണം |
|---|---|---|---|
| ഗാർഗിക ബയോഗ്യാസ് പ്ലാന്റ്(S C P) | 202500 | 0 | ഗുണഭോക്തൃലിസ്റ്റിൽ<br><br>ഉൾപ്പെട്ടവർ ഗുണഭോക്തൃവിഹിതം അടവാക്കാൻ സന്നദ്ധരല്ലാത്തതിനാൽ |
| ഖരമാലിന്യ നിർമ്മാർജ്ജനം-ബോധവത്കരണവും സംഭരണവും | 50000 | 0 | പ്രോജക്ടിൽ മുഖ്യപങ്ക് വഹിക്കേണ്ട ഹരിതകർമ്മസേന ഈ കാലയളവിൽ രൂപീകരിച്ചിട്ടില്ല. |
| ഗാർഗിക ബയോഗ്യാസ് പ്ലാന്റ്(ജനറൽ) | 283500 | 50000 | ഗുണഭോക്തൃവിഹിതം അടക്കുന്നതിന് 10 പേർ മാത്രമാണ് തയ്യാറായത്. |

നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ശരിയായ ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുന്നതിനോ മതിയായ ഗുണഭോക്തൃപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനോ കഴിയാത്തത് പദ്ധതി പൂർണ്ണലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന് കാരണമായെന്നു കാണുന്നു. ശരിയായ മാലിന്യപരിപാലനസംസ്കാരം വളർത്തിയെടുക്കുന്നതിൽ ബോധവത്കരണം പ്രാധാന്യമർഹിക്കുന്നു. ശുചിത്വം ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയം ചർച്ച ചെയ്തതായി കാണുന്നില്ല, കൂടാതെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മതിയായ പ്രാധാന്യം നൽകിയിട്ടില്ല.

മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധക്കേണ്ടതാണ്.

## 3-9 കേന്ദ്രാവിഷ്കൃത ഫണ്ടിലുള്ള നീക്കിയിരിപ്പ് - വിനിയോഗത്തിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കുന്ന വിവിധ പ്രൊജക്റ്റുകൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ വിനിയോഗ ശേഷം അവശേഷിക്കുന്ന നീക്കിയിരിപ്പ് താഴെ ചേർക്കുന്നു :

| | |
|---|---|
| 2017-18 മുന്നിരിപ്പ് | 8,16,582/- |
| 2017-18 ലെ ചെലവ് | 1,52,709/- |
| നീക്കിയിരിപ്പ് | 6,63,873/- |
| 2018-19 ലെ വരവ് | 3,44,975/- |
| ആകെ വരവ് | 10,08,848/- |
| 2018-19 ലെ ചെലവ് | 3,80,880/- |
| 2018-19 ലെ നീക്കിയിരിപ്പ് | 6,27,968/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

SNP ക്ക് ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ നീക്കിയിരിപ്പ് താഴെ പറയുന്നവയ്ക്കായി വിനിയോഗിക്കാവുന്നതാണ്:

1)സ്വന്തമായി സ്ഥമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കാവുന്നതാണ്.

2)കുടിവെള്ളം, വൈദ്യുതി, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ എന്നിവ വാങ്ങുവാനും മുൻഗണന നൽകേണ്ടതാണ്.(3.09.2010 ലെ സ.ഉ.39033/-ഡി.സി.2/2010).

തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-10 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്.

2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിനായി ICDS Supervisor താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് :

| | |
|---|---|
| പ്രോജക്റ്റ് നം. | SOOO4/18 |
| പേര് | അംഗണവാടി പോഷകാഹാര പരിപാടി (ജനറൽ) |
| വികസന ഫണ്ട് (പൊതു വിഭാഗം) | 25,00,000/- |
| അടങ്കൽ | 25,00,000/- |
| ബിൽ നം./ തിയ്യതി | ചെലവ് |
| 1/17-18/18/8/17 | 10,09,741/- |
| 2/17-18/21/8/2017 | 54,863/- |
| 5/17/-18/20/10/2017 | 41,169/- |
| 7/17-18/26/12/2017 | 1,63,500/- |
| 11/17-18/20/2/2018 | 4,35,414/- |
| 12/17-18/28/02/2018 | 41,122/- |
| 13/17-18/15/03/2018 | 3,83,661/- |
| ആകെ | 21,29,470/- |

1)ഗ്രാമ പഞ്ചായത്ത് പോഷകാഹാര വിതരണത്തിനായി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന കാലയളവ്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 24.05.2017 ലെ 230/2017 നം. കത്ത് പ്രകാരം ഒരു തവണ മാത്രമെ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിനുള്ള ലാബ് റിപ്പോർട്ട് 21.6.2017 ന് പോസിറ്റീവായി ലഭ്യമായിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ത്രപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ ത്രപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി (11/18) പ്രകാരം തൻവർഷം 300000/-രൂപ പ്ലാൻ ഫണ്ട് കുടുംബശ്രീയുടെ ആശ്രയ പദ്ധതി രണ്ടാം ഘട്ടം ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

ആശ്രയ ഒന്നാം ഘട്ടം ബാങ്ക് അക്കൗണ്ടിൽ (കനറാബാങ്ക് അക്കൗണ്ട് നം.1180101032802) 30.4.2019 ലെ നീക്കിയിരിപ്പ് 524918/-രൂപയും, ആശ്രയ രണ്ടാം ഘട്ടം ബാങ്ക് അക്കൗണ്ടിൽ (കനറാബാങ്ക് അക്കൗണ്ട് നം.1180101030819) 30.4.2019-ലെ നീക്കിയിരിപ്പ് 1449953/-രൂപയുമാണ്. ആശ്രയ ഒന്നാം ഘട്ടം,രണ്ടാം ഘട്ടം പദ്ധതികൾ അവസാനിച്ചതിനാൽ നിലവിൽ തുക വിനിയോഗം വരുന്നില്ല. അഗതിരഹിത കേരളം പദ്ധതിക്കുവേണ്ടി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങി മേൽ പറഞ്ഞ തുകകൾ 'ഓപ്പണിംഗ് ബാലൻസ് 'ആയി ചേർക്കേണ്ടതാണ്.
അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.252/2017/തസ്വഭവ തീയതി.12.12.2017 പ്രകാരം - അഗതിരഹിത കേരളം പദ്ധതിക്കായി ദേശസാൽകൃത ബാങ്കിൽ ഒരു പുതിയ അക്കൗണ്ട് സിഡിഎസ് ചെയർപേഴ്സൺ-മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ ഒരു സംയുക്ത അക്കൗണ്ടായി ആരംഭിക്കേണ്ടതാണ്. ആശ്രയ പദ്ധതിക്ക് അനുവദിക്കപ്പെട്ടതും എന്നാൽ വിനിയോഗ ശേഷം അവശേഷിക്കുന്നതുമായ മുഴുവൻ തുകയും പുതുതായി ആരംഭിക്കുന്ന അക്കൗണ്ടിൽ 'ഓപ്പണിംഗ് ബാലൻസ് 'ആയി ചേർക്കേണ്ടതാണ്.

## 3-12 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ കപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 33 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 29 വർക്കറും, 32 ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

അങ്കണവാടികളുടെ 7.02.2018 ലെ വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായുള്ള തീരുമാനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി വ്യക്തമായിട്ടുണ്ട് :

1)അങ്കണവാടികളിൽ ആവശ്യമായ ഫർണീച്ചറും, കമ്പ്യൂട്ടറുകളും ലഭ്യമാക്കുക.

2)അങ്കണവാടികളിലെ കുട്ടികൾക്ക് യൂണിഫോം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുക.

3)കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ഇവ സൂക്ഷിക്കുവാനുള്ള ഷെൽഫ് ലഭ്യമാക്കുക.

2017-18 സാമ്പത്തിക വർഷത്തിൽ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട് :

1)അങ്കണവാടികൾക്ക് കെട്ടിടവും, സ്ഥലവും അനുവദിക്കുക.

2)ജീർണ്ണിച്ച കെട്ടിടങ്ങൾ മാറ്റി പുതിയത് നിർമ്മിക്കുക.

3)നിലവിലെ കെട്ടിടങ്ങളുടെ upgradation ഉൾപ്പെടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

മേൽ സൂചിത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പലതും നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട് : വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 33 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 4 |
| 3 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 33 |
| 4 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 5 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത | ഇല്ല |

| | | |
|---|---|---|
| | സെന്ററുകളുടെ എണ്ണം | |
| 6 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 8 |
| 7 | ഫാൻ ഇല്ലാത്തവ | 8 |
| 8 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 28 |
| 9 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 32 |
| 10 | ചുറ്റ് മതിൽ ഇല്ലാത്തവ | 19 |
| 11 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 2 |
| 12 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |
| 13 | വാടകയ്ക്കെടുത്ത അങ്കണവാടികളുടെ എണ്ണം | 4 |
| 14 | വൈറ്റ് വാഷിംഗ് നടത്തിയുടെ സെന്ററുകളുടെ എണ്ണം | 15 |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെ പറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3.നാല് സെന്ററുകൾ വാടകയ്ക്ക് പ്രവൃത്തിച്ച് വരുന്നു. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കാവൂ.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2017-18 | 0 | 583200 | 583200 | 583200 | 0 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2017-18 | 0 | 100000 | 100000 | 100000 | |
| | പച്ചക്കറിക്കൃഷി സബ്സിഡി (ജനറൽ) | 2017-18 | 0 | 4500 | 4500 | 0 | 4500 |
| | പച്ചക്കറിക്കൃഷി സബ്സിഡി (എസ്.സി) | 2017-18 | 0 | 4500 | 4500 | 0 | 4500 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ള **281888/- രൂപ**, ജില്ലാ പഞ്ചായത്ത് (Capital) വിഹിതമായി ലഭിച്ച 27,422/-രൂപ എന്നിവ മുന്നിരിപ്പായി ഉണ്ടെങ്കിലും ഈ തുകകൾ ഏതു പദ്ധതിയുമായി ബന്ധപ്പെട്ട തുകയാണെന്ന വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. തുക ട്രഷറി ടി.എസ്.ബി തനത് ഫണ്ടിന്റെ അക്കൗണ്ടിലാണ് നിലവിൽ സൂക്ഷിച്ചിരിക്കുന്നത്. ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി ചേർത്തിട്ടുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ഇലക്ട്രിസ്റ്റ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21/17.03.18-7374<br>16/5.03.18-95650<br>24/28.03.18-7407<br>26/28.03.18-49623 | 160054 | 160054 | ഇല്ല. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ട്. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 487432 |
| തൻവർഷം നിക്ഷേപിച്ച തുക/പലിശ | 87822 |
| ആകെ | 575254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 575254 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **13537** രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 3-2 | 13537 | സുധ.എൻ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 117010106005/<br>03.03.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട വിഷയങ്ങൾ ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60517995 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58306297 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10500 (പിഴ) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 920000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 10500 (പിഴ) | ശ്രീമതി.സി.എസ്.ആഷ അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 100000 | ശ്രീമതി. ബീനാകുമാരി.പി, എച്ച്.എം |
| 3-7 | 820000 | ശ്രീമതി. ആങ്കിത ആന്റോ.സി ഡയറി എക്സറ്റൻഷൻ ഓഫീസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-5 | 2800 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബീനാകുമാരി.പി, എച്ച്.എം | എച്ച്.എം കുമരനെല്ലൂർ ജി.എൽ.പി.എസ്. സ്കൂൾ | "ഭൂമിജ", വട്ടേനാട്, കൂറ്റനാട്-679533 |
| ശ്രീമതി. ആങ്കിത ആന്റോ.സി ഡയറി എക്സറ്റൻഷൻ ഓഫീസർ | കോളജ് ഓഫ് ഡയറി സയൻസ് ആന്റ് വെറ്റിനറി, കെ.വി.എ.എസ്.യൂ. പൂക്കോട്, വയനാട് | ഐ.വി.വൈ കോർട്ട്, മേരിമാതാ ചർച്ചിനു പുറകുവശം. |

| | | |
|---|---|---|
| | | ഫ്ളാറ്റ് നം.5 എ, ഒല്ലൂർ, തൃശ്ശൂർ |
| ശ്രീമതി.സി.എസ്.ആഷ അസിസ്റ്റന്റ് എഞ്ചിനീയർ | താത്ക്കാലിക നിയമനം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) | അക്ഷയ, CCXII//2248, PC Road പള്ളുരുത്തി (പി.ഒ), കൊച്ചി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00/11-12-00 | -do- |
| 1999-00 | LFP11-28/05/29-08-2005 | -do- |
| 2000-01 | LFP11-733/06 /16-10-2006 | -do- |
| 2001-02 | LFP11-734/06 /16-10-2006 | -do- |
| 2002-03 | LFP11-1617/08/2-1-2010 | -do- |
| 2003-04 | LFP11-1618/08/2-1-2010 | -do- |
| 2004-05 | LFP11-1619/08/2-1-2010 | -do- |
| 2005-06 | LFP20-1006/11/3011-11 | -do- |
| 2006-07 | LFP20-1007/11/3011-11 | -do- |
| 2007-08 | LFP20-1008/11/30-11-11 | -do- |
| 2008-09 | LFP20-75/13/22-3-13 | -do- |
| 2009-10 | LFP20-75/13/22-3-13 | -do- |
| 2010-11 | LF6-20/75/13/22-3-13 | -do- |
| 2011-12 | LFP20-1276/14 /10-10-2014 | -do- |
| 2012-13 | LFP20/882 /15/26-08-2015 | -do- |
| 2013-14& 2014-15 | KSA-PKD20/1103/2016 /31-07-2016 | -do- |
| 2015-16 | KSA-PKD20/90 /2017/12-1-17 | -do- |
| 2016-17 | KSA-PKD20/1815/17 /12.10.17 | 13 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകൾ

1. ബാങ്ക് റീ- കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2. കുമരനെല്ലൂർ സർവീസ് സഹകരണ ബാങ്കിന്റെ 667- നമ്പർ അക്കൗണ്ടിലെ തുക- വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ താഴെ പ്രകാരം വ്യത്യാസമുണ്ട്.

| | |
|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് | 3613168 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് | 2668566 |
| വ്യത്യാസം | 944602 |
| വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | 1305370 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 210341 |
| വ്യത്യാസം | 1095029 |

3. ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ അനുരഞ്ജനപ്പെടുത്തിയിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളിലെ ഡി.സി.ബി. രജിസ്റ്ററുകൾ

പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. വാർഷിക ധനകാര്യ പത്രികയിൽ തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളുടെ കുടിശ്ശിക ഡിമാന്റ് മൈനസ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

6. തൻവർഷ കുടിശ്ശിക തുകകൾക്ക് Income & Expenditure Account- ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ B-18-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9. കൃഷി ഓഫീസർ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ മെഡിക്കൽ ഓഫീസർ ( ആരോഗ്യം), അസി. എഞ്ചിനീയർ, വെറ്ററിനറി സർജൻ എന്നീ നിർവഹണോദ്യോഗസ്ഥർ TR 7A- യിൽ ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല.

10. ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഭാഗികമായി മാത്രമേ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ.

**ഡെപ്യൂട്ടി ഡയറക്ടർ**

## അനുബന്ധം-2
## പത്രികകൾ

Kappoor Grama Panchayat BALANCE SHEET For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 17002925.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |
| | Agency Fund | | |
| 312000000 | Reserves | B-3 | 42604383.00 |
| | Total Reserve & Surplus | | 59607308.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2785669.00 |
| | Total Grants, Contributions for Specific Purposes | | 2785669.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 369621.00 |
| 350000000 | Other Liabilities | B-9 | 1568028.70 |
| | Total Current Liabilities and Provisions | | 1937649.70 |
| | TOTAL LIABILITIES | | 64330627.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 44885836.00 |
| 411000000 | Accumulated Depreciation | B-11 | -1021200.00 |
| 412000000 | Capital Work in Progress | B-11(a) | 3544166.00 |
| | Total Fixed Assets | | 47408802.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2164695.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -205155.00 |
| 450000000 | Cash and Bank Balance | B-17 | 14264229.00 |
| Page No : 1 | | | |
| 460000000 | Loand, Advances and Deposits | B-18 | 698056.00 |
| | Total Current Assets, Loans and Advances | | 17126980.00 |
| | Total Current Assets, Loans and Advances | | -205155.00 |
| Other Assets | | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 64330627.00 |

INCOME & EXPENDITURE STATEMENT
For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4468607.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 240228.00 |
| 140000000 | Fee & User Charges | I-4(b) | 526888.00 |
| 150000000 | Sale & Hire Charges | I-5(b) | 122450.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 92158866.00 |
| | Subsidies | | |
| 170000000 | Income from Investments | I-7 | 87822.00 |
| 171000000 | Interest Earned | I-8 | 83856.00 |
| 180000000 | Other Income | I-9 | 11403.00 |
| | Total Income | | 97700120.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8974891.00 |
| 220000000 | Administrative Expenses | I-11(b) | 981176.00 |
| 230000000 | Operations & Maintenance | I-12(b) | 1098656.00 |
| 240000000 | Interest & Finance Charges | I-13 | 4127.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 9329995.00 |
| | Programme Expenses | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16419619.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 530394.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 702919.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 42931240.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 13363875.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 272000000 | Depreciation | I-17(a) | 117566.00 |
| | Total Expenditure | | 94454458.00 |
| | Gross Surplus/ Deficit of income over Expenditure | | 3245662.00 |
| 280000000 | Prior Period Item | I-18 | -258961.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3504623.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11868668.00 |
| Cash | Cash | RP-40(a) | 183863.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 925340.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 468388.00 |
| 150000000 | Sale & Hire Charges | RP-5 | 122450.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48118155.00 |
| 171000000 | Interest Earned | RP-9 | 83856.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5131359.00 |
| 350000000 | Other Liabilities | RP-36 | 419813.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 170000000 | Income from Investments | RP-8 | 87822.00 |
| 180000000 | Other Income | RP-10 | 11403.00 |
| 340000000 | Deposits Received | RP-34 | 213995.00 |
| 350000000 | Other Liabilities | RP-36 | 233545.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4664869.00 |
| 460000000 | Loans, Advances and Deposits | RP-47 | 37000.00 |
| | Grand total | | 72570526.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2844243.00 |
| 220000000 | Administrative Expenses | RP-12 | 981176.00 |
| 230000000 | Operations & Maintenance | RP-13 | 1098656.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5247913.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12760855.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 530394.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 702919.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 606440.00 |

ഡെപ്യൂട്ടി ഡയറക്ടർ